# DIOCESE OF BELTHANGADY

BISHOP'S HOUSE
BELTHANGADY

P. B. NO. 13
BELTHANGADY - 574 214
D.K., KARNATAKA, INDIA

Ref:
**Circular No. 08/2020**

Date 27.06.2020

വന്ദ്യ സഹോദരരേ, വത്സല മക്കളേ,

ദുക്റാന തിരുനാൾ ആസന്നമായി! എല്ലാവർക്കും ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ സ്നേഹ പൂർവ്വം ആശംസിക്കുന്നു!

ജൂലൈ-3ന് നാം ആചരിക്കുന്ന ദുക്റാന തിരുനാൾ മാർ തോമ്മാക്രിസ്ത്യാനികളായ നമ്മെ സംബന്ധിച്ചിടത്തോളം വലിയ തിരുനാളുകളിൽ ഒന്നാണ്. നമ്മുടെ പിതാവും ഭാരത അപ്പസ്തോലനുമായ വിശുദ്ധ തോമ്മാശ്ലീഹാ രക്തസാക്ഷിത്വം വരിച്ച ദിനമാണ്! ഉത്ഥിതനായ മിശിഹായെ കണ്ടപ്പോൾ "എന്റെ കർത്താവേ, എന്റെ ദൈവമേ" എന്ന് പറഞ്ഞുകൊണ്ട് ഈശോ മിശിഹായിലുള്ള തന്റെ വിശ്വാസം ഏറ്റു പറയുകയും പിന്നിട് അങ്ങോട്ട് ആ വിശ്വാസത്തിനുവേണ്ടി സ്വയം മറന്ന് ജീവിച്ച് മരിക്കുകയും ചെയ്ത വലിയ അപ്പസ്തോലനാണ് മാർ തോമ്മാശ്ലീഹാ. ശ്ലീഹായുടെ മരണ തിരുനാൾ ആഘോഷിക്കുന്ന ഈ വേളയിൽ നാം ഒരിക്കൽക്കൂടി നമ്മുടെ വിശ്വാസ ജീവിതം പരിശോധിച്ച് പുത്തൻ തീരുമാനങ്ങളുമായി മുമ്പോട്ട് പോകണം. ഈശോയെ നമ്മുടെ രക്ഷകനും നാഥനുമായി സ്വീകരിക്കുകയും ഈശോയ്ക്കുവേണ്ടി നമ്മെ പൂർണ്ണമായി സമർപ്പിക്കുകയും വേണം.

കോവിഡ്-19 കാരണം മുടങ്ങിപോയ നമ്മുടെ പൊതുജന പങ്കാളിത്വത്തോടുകൂടിയുള്ള വി. കുർബാനയും മറ്റ് തിരുക്കർമ്മങ്ങളും ജൂലൈ-3ന് നാം പുനരാരംഭിക്കുകയാണ് (കൊഡഗു ജില്ലയിൽ നമ്മുടെ പള്ളികളിൽ ജൂൺ 14 ന് ആരംഭിച്ചിരുന്നു). വി. തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വ ദിനം നമുക്ക് ക്രൈസ്തവ ജീവിതത്തിന് പുത്തനുണർവ് നല്കട്ടെ. കോവിഡ്-19 നമുക്ക് വലിയ പ്രതിസന്ധികൾ വരുത്തുന്നുണ്ട്. എന്നാൽ ഇടയലേഖനം നമ്പർ 2/2020 ൽ ഞാൻ പ്രതിപാദിച്ചതുപോലെ ദൈവം ഈ സഹനങ്ങൾ നമുക്ക് അനുവദിക്കുമ്പോൾ അതിലൂടെ നമ്മോട് അവിടുത്തേക്ക് പലതും പറയുവാനുണ്ട്, അത് നാം തിരിച്ചറിയണം.

ഈ വർഷത്തെ ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് നമ്മുടെ മേജർ ആർച്ചു ബിഷപ്പ് പ്രസിദ്ധീകരിച്ച ഇടയലേഖനത്തിലൂടെ നമ്മോട് പറയുന്ന ആഴമായ വിശ്വാസം, അടിയുറച്ച് ആദ്ധ്യാത്മീക ജീവിതം, നിർമ്മലമായ പരസ്നേഹം, ജീവിത ലാളിത്യം, കഠിനാദ്ധ്വാനം, സാക്ഷ്യ ജീവിതം, സാധുക്കളോടുള്ള അനുകമ്പ, അഡംബരത്തോടുള്ള വിമുകത മുതലായ പുണ്യങ്ങൾ അഭ്യസിക്കുവാനായി നമുക്ക് പരിശ്രമിക്കാം. പ്രതിദിനവും എല്ലാവരും കുറച്ച് സമയമെങ്കിലും കായികാധ്വാനം ചെയ്യണമെന്നുള്ള ആഹ്വാനവും നമുക്ക് സ്വീകരിക്കാം.

"കോവിഡ് കാലത്ത്" നമ്മുടെ സഭാ ജീവിതത്തിന് പുതിയ രൂപം നല്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട അച്ചന്മാർ നല്കുന്ന നിർദ്ദേശങ്ങളോട് നിങ്ങൾ പൂർണ്ണമായി സഹകരിക്കണമന്ന് അപേക്ഷിക്കുന്നു. പള്ളിയിലെ തിരുക്കർമ്മങ്ങളിൽ ഭക്തിയോടെ പങ്കെടുക്കണം; പാലിക്കേണ്ട അച്ചടക്ക നടപടികൾ സ്വീകരിക്കണം. കുടുംബങ്ങളിലുള്ള പ്രാർത്ഥന ശക്തിപ്പെടുത്തുകയും ദൈവസ്നേഹത്തിൽ കൂടുതൽ വളരുകയും വേണം.



Tel : 08256 - 232439; Fax : 08256 - 233056 E-mail : bpmukkuzhy@gmail.com